**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 298** **14-07-2022 - ൽ മറുപടിയ്ക്ക്**

**കേരള സർവ്വകാലശാലയ്ക്ക് നാക് എ പ്ലസ് പ്ലസ് അക്രഡിറ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ എം എസ് അരുൺ കുമാർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സർവ്വകാലശാല നാക് എ പ്ലസ് പ്ലസ് അക്രഡിറ്റേഷൻ നേടി രാജ്യത്തെ മികച്ച പത്ത് സർവ്വകലാശാലകളിൽ ഒന്നാമതായി മാറിയത് ഉന്നത വിദ്യാഭ്യാസ രംഗത്ത് കുതിച്ചുചാട്ടം സൃഷ്ടിക്കുകയെന്ന ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിലേയ്ക്കുള്ള മികച്ച ചുവടുവയ്പായി കണക്കാക്കാമോ; | (എ) | കണക്കാക്കാവുന്നതാണ്. റാങ്കിംഗും അക്രഡിറ്റേഷനും അടിസ്ഥാനമാക്കി ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്ന പൊതുനയത്തിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലം കൂടിയാണ് കേരള സർവ്വകലാശാലയുടെ നേട്ടം. |
| (ബി) | സംസ്ഥാനത്തെ സർവ്വകലാശാലകളുടെ അക്കാദമിക രംഗത്തെ മികവിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്; അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിനും അദ്ധ്യാപകരുടെ സ്വയം നവീകരണ പ്രവർത്തനങ്ങൾക്കും പരിശീലന പരിപാടി സംഘടിപ്പിക്കുന്നുണ്ടോ; | (ബി) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് ബൃഹത്തായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് താഴെപ്പറയുന്ന സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:<br><br>1. കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്കിന്റെ (കാൽനെറ്റ്) വികസനം<br><br>2. ഇ-ജേർണൽ കൺസോർഷ്യം<br><br>3. ഡിജികോൾ<br><br>4. ഓൺലൈൻ ഡിജിറ്റൽ ശേഖരം<br><br>5. ഉന്നത വിദ്യാഭ്യാസ സർവ്വേ<br><br>6. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF)<br><br>7. അദ്ധ്യാപക പരിശീലന പദ്ധതി<br><br>8. സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെൻറർ (SAAC)<br><br>9. ബ്രെയിൻ ഗെയിൻ - (ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെ കുറിച്ചുള്ള ഡേറ്റാബേസ്) |

| | | | |
|---|---|---|---|
| | | | 10. കോളേജുകളുടെ ക്ലസ്റ്റർ പദ്ധതി (കാസർകോട്, കണ്ണൂർ, പാലക്കാട് എന്നിവടങ്ങളിൽ പുതിയ ക്ലസ്റ്റർ)<br><br>11. എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം<br><br>12. ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്.<br><br>സർവ്വകലാശാലകളിലെ വിവിധ പഠന വകുപ്പുകളിൽ ഒഴിഞ്ഞുകിടക്കുന്ന അദ്ധ്യാപക തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. അദ്ധ്യാപകരുടെ സ്വയം നവീകരണത്തിന് വേണ്ടിയുള്ള ഫാക്കൽറ്റി ഇൻഡക്ഷൻ പ്രോഗ്രാമുകൾ, റിഫ്രഷർ കോഴ്സ്, നറിഷിംഗ് ദ ഗുരു പ്രോഗ്രാം, മിഡ് സർവ്വീസ് ട്രെയിനിംഗ് പ്രോഗ്രാം, ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം എന്നിവ സംഘടിപ്പിച്ചു വരുന്നു. നാഷണൽ എഡ്യൂക്കേഷൻ പോളിസി, 2020 നടപ്പിലാക്കുന്നതിന് മുന്നോടിയായി യു.ജി.സി. നിർദ്ദേശാനുസരണം അദ്ധ്യാപകർക്കായി ഓൺലൈൻ ശില്പശാലകളും സംഘടിപ്പിച്ചുവരുന്നു. |
| (സി) | കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യ നവീകരണത്തിനും വികസനത്തിനും കിഫ്ബി മുഖേനയും ബജറ്റിലൂടെയും അനുവദിച്ച പദ്ധതികളെക്കുറിച്ച് അറിയിക്കാമോ? | (സി) | കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യ നവീകരണത്തിനും വികസനത്തിനും കിഫ്ബി മുഖേനയും ബജറ്റിലൂടെയും ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:<br><br>1. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3 - 5 ലക്ഷം പേർക്ക് കൂടി പഠന സൗകര്യങ്ങൾ.<br><br>2. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അദ്ധ്യാപകരുടെ നിയമനം.<br><br>3. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ.<br><br>4. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ.<br><br>5. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2000 കോടി രൂപയുടെ കിഫ്ബി ധനസഹായം.<br><br>6. അഫിലിയേറ്റഡ് കോളേജുകൾക്ക് 1000 കോടി രൂപയുടെ ധനസഹായം. |

| | | | |
|---|---|---|---|
| | | | 7. പ്രായോഗിക ജീവിതത്തിന് ഗുണപ്പെടുന്ന രീതിയിൽ ഗവേഷണ മേഖലയെ രൂപപ്പെടുത്തുന്നതിനായി സർവ്വകലാശാലകളിൽ Translational Research Centre - കൾ.<br><br>8. സർവ്വകലാശാല ക്യാമ്പസ്സുകളിൽ പുതിയ ഹ്രസ്വകാല കോഴ്സുകളും പി.ജി.കോഴ്സുകളും പ്രോജക്ട് മോഡിൽ ആരംഭിക്കുന്നതിനുള്ള പദ്ധതി.<br><br>9. സർവ്വകലാശാല കേന്ദ്രങ്ങളിലെ വിദ്യാർത്ഥികൾക്കായി ഇന്റർനാഷണൽ ഹോസ്റ്റലുകൾ ഉൾപ്പെടെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പുതിയ ഹോസ്റ്റലുകൾ.<br><br>10. സർവ്വകലാശാല ഭരണ, പരീക്ഷാ നടത്തിപ്പ്, അക്കാദമിക് പ്രവർത്തനങ്ങൾ തുടങ്ങിയവ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള കമ്മീഷനുകൾ.<br><br>കൂടാതെ, സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ഭാഗമായി സർവ്വകലാശാലകൾക്ക് ലഭിക്കുന്ന തുക ഗവേഷണ പദ്ധതികൾ, വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, സിവിൽ വർക്കുകൾ, പഠനകേന്ദ്രങ്ങളുടെ വികസനം തുടങ്ങിയവയ്ക്ക് വിനിയോഗിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ